"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ.ഫിറോസ് എസ്, മുൻ സീനിയർ ക്ലാർക്ക് ശ്രീമതി ബിനി ആർ. എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**4879/2026/GEDN** തീയതി,തിരുവനന്തപുരം, **24-07-2026**

---

പരാമർശം:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **04/08/2025**-ലെ ഡിജിഇ/**15726/2025-VB5** നമ്പർ ഉത്തരവ്
2. **11/08/2025**ലെ സ. ഉ. (സാധാ) നം. **5221/2025/GEDN**
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **05/08/2025**-ലെ ഡിജിഇ/**15726/2025-VB5** നമ്പർ കത്ത്
4. **11/08/2025**ലെ **GE-DA1/128/2025-G.EDN** നമ്പർ കത്ത്
5. കുറ്റാരോപിതർക്ക് സർക്കാർ നൽകിയ **14/08/2025** ലെ **GE-DA1/128/2025-G.EDN** നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
6. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പുനഃപരിശോധനാ ഹർജികൾ
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **30/08/2025**-ലെ ഡിജിഇ/**15726/2025-VB5** നമ്പർ റിപ്പോർട്ട്
8. **13/11/2025, 03/12/2025, 20.02.2026** തിയതികളിലെ **GE-DA1/130/2025-G.EDN** സർക്കാർ കത്തുകൾ
9. പൊതു വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ഡോ. ചിത്ര എസ്., ഐ.എ.എസ്, ജോയിന്റ് സെക്രട്ടറി ബിജുകുമാർ ബി റ്റി എന്നിവർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്
10. **04/02/2026**-ലെ സ. ഉ. (സാധാ) നം. **1043/2026/GEDN**

11 കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക

12. 01/12/2025-ലെ സ. ഉ. (സാധാ) നം. 9962/2025/GEDN

13. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01/12/2025ലെ DDEPTA/2537/2025-A4 നമ്പർ കത്ത്

14. 08/01/2026-ലെ സ. ഉ. (സാധാ) നം. 230/2026/GEDN

15. പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച 16/04/2026ലെ ഡിജിഇ/15726/2025-വിബി5 നമ്പർ അന്വേഷണ റിപ്പോർട്ട്

## ഉത്തരവ്

പത്തനംതിട്ട സെൻറ് ജോസഫ്സ് എച്ച്.എസ് നാറാണംമുഴിയിലെ അധ്യാപിക ശ്രീമതി ലേഖാ രവീന്ദ്രന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുന്നതിൽ വീഴ്ചവരുത്തിയ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പേഴ്സണൽ അസിസ്റ്റൻറ് ആയിരുന്ന ശ്രീ. അനിൽകുമാർ എൻ.ജി., ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.ഫിറോസ് എസ്., സീനിയർ ക്ലാർക്കായിരുന്ന ശ്രീമതി ബിനി ആർ എന്നിവരുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുള്ളതും ആയത് പൊതുജനങ്ങൾക്കിടയിൽ വകുപ്പിന് അവമതിപ്പ് ഉണ്ടാക്കാൻ ഇടയാക്കിയതായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ ഉദ്യോഗസ്ഥരെ 1960 ലെ കേരള സിവിൽ സർവിസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടം 10 (1) (a) പ്രകാരം അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ  പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം വേലവിലക്കി  ഉത്തരവായിരുന്നു.

2). ശ്രീ.അനിൽകുമാർ എൻജി.യുടെ നിയമനാധികാരി സർക്കാർ ആയതിനാൽ ടിയാനെ വേലവിലക്കിയ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ ഉത്തരവ് സർക്കാർ 1960 ലെ കേരള സിവിൽ സർവീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പിലും) ചട്ടം 10 (2) പ്രകാരം സാധൂകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3). തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശിപാർശ  പ്രകാരം ശ്രീ.അനിൽകുമാർ എൻജി., പേഴ്സണൽ അസിസ്റ്റൻറ് ശ്രീ.ഫിറോസ് എസ്., ജൂനിയർ സൂപ്രണ്ട്, ശ്രീമതി ബിനി ആർ. സീനിയർ ക്ലർക്ക്, എന്നിവർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കാൻ തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും  നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

4). കുറ്റാരോപിതർ പരാമർശം (6) പ്രകാരം സർക്കാരിൽ പുനഃപരിശോധനാ ഹർജി സമർപ്പിച്ചിരുന്നു. ടി പുനഃപരിശോധനാ ഹർജിയിന്മേൽ പൊതു

വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. തുടർന്ന് 18/8/2025 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 5405/2025/പൊവിവ പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ വിശദമായ അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ഡോ. ചിത്ര എസ്., ഐ.എ.എസ് - നേയും ജോയിന്റ് സെക്രട്ടറി ബിജുകുമാർ ബി റ്റി യെയും ചുമതലപ്പെടുത്തിയതനുസരിച്ച്, ടി ഉദ്യോഗസ്ഥർ 19/08/2025ൽ പത്തനംതിട്ട ഡി.ഇ.ഒ ഓഫീസ് സന്ദർശിക്കുകയും ഫയൽ പരിശോധിക്കുകയും ടി വിഷയവുമായി ബന്ധപ്പെട്ട് വേലവിലക്ക് ഏർപ്പെടുത്തിയ ഉദ്യോഗസ്ഥരെയും, നാറണാമൂഴി സെന്റ് ജോസഫ് HSS ലെ സീനിയർ ക്ലാർക്ക്, ടി സ്കൂളിലെ ഹെഡ്മിസ്ട്രസ് എന്നിവരെയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ പരാമർശം (9) പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

5). മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശ്രീ.അനിൽകുമാർ എൻ. ജി., പേഴ്സണൽ അസിസ്റ്റൻറ് ശ്രീ.ഫിറോസ് എസ്., ജൂനിയർ സൂപ്രണ്ട്, ശ്രീമതി ബിനി ആർ. എന്നിവരുടെ വേലവിലക്ക് പിൻവലിച്ച് ടിയാളുകളെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചും, വകുപ്പ് തല അച്ചടക്കനടപടി തുടർന്നുകൊണ്ടും പരാമർശം (10) പ്രകാരം ഉത്തരവായിരുന്നു.

6). കുറ്റാരോപിതരായ ഉദ്യോഗസ്ഥരായ ശ്രീ.ഫിറോസ് എസ്., ശ്രീമതി ബിനി ആർ., ശ്രീ. അനിൽകുമാർ എൻ. ജി. എന്നിവർക്കെതിരായി സർക്കാർ നല്കിയ കുറ്റപത്രം കുറ്റാരോപണ പത്രിക എന്നിവയ്ക്ക് ടിയാളുകൾ പരാമർശം (11) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. ടി പ്രതിവാദ പത്രികയിൽ മേൽ ഉദ്യോഗസ്ഥരെല്ലാം ടിയാളുകൾക്ക് സർക്കാർ നൽകിയ കുറ്റപത്രത്തിലെ ആരോപണങ്ങൾ നിഷേധിച്ചതിനാലും, ടി പ്രതിവാദ പത്രിക തൃപ്തികരമല്ലാത്തതിനാലും മേൽ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (12) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (13) പ്രകാരം പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ടി ഔപചാരിക അന്വേഷണം നടത്തുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഉണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ഉദ്യോഗസ്ഥയെ മാറ്റി തൽസ്ഥാനത്ത് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ (ചീഫ് പ്ലാനിംഗ് ഓഫീസർ)-നെ ചുമതലപ്പെടുത്തി പരാമർശം (14) പ്രകാരം ഉത്തരവായിരുന്നു.

7). പ്രസ്തുത ഔപചാരിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (15) പ്രകാരം ലഭ്യമാക്കിയിട്ടുള്ള

റിപ്പോർട്ട് പ്രകാരം ടി സ്ക്കൂളിൽ ജോലി ചെയ്തുവരവെ തസ്തിക നഷ്ടപ്പെട്ട് പുറത്തുപോകേണ്ടി വന്ന ശ്രീമതി.സൈജു സഖറിയയെ ടി സ്കൂളിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ നിയമിക്കാമെന്ന് മാനേജർ രേഖാമൂലമുള്ള ഉറപ്പ് വിദ്യാഭ്യാസ അധികൃതർ മുൻപാകെ മൂന്ന് ആഴ്ചയ്ക്കുള്ളിൽ സമർപ്പിക്കണമെന്നും, പ്രസ്തുത ഉറപ്പ് ലഭ്യമായി രണ്ട് മാസത്തിനുള്ളിൽ വിദ്യാഭ്യാസ അധികാരി ശ്രീമതി.ലേഖാ രവീന്ദ്രൻ്റെ നിയമനം അംഗീകരിക്കണമെന്നും, ശമ്പളം വിതരണം ചെയ്യണമെന്നുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി **26/11/2024**ലെ വിധിന്യായ പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതെന്നും, ശ്രീമതി. ലേഖാ രവീന്ദ്രന്റെ ശമ്പള വിതരണാധികാരിയായ പ്രധാനാദ്ധ്യാപിക ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശങ്ങളും, ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയും യഥാ സമയം നടപ്പാക്കുവാൻ ബാദ്ധ്യസ്ഥയുമാണെന്നും, എന്നാൽ അതോടൊപ്പം തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി യഥാസമയം നടപ്പിലാക്കിയോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ബാദ്ധ്യത ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ ശ്രീമതി.ലേഖാ രവീന്ദ്രൻ്റെ ശമ്പളാനുകൂല്യങ്ങൾ പൂർണമായും വിതരണം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് മുൻപ് ബന്ധപ്പെട്ട ഫയൽ തീർപ്പാക്കിയ നടപടി ക്രമപ്രകാരമല്ലെന്നും, ബഹുമാനപ്പെട്ട കോടതി വിധി പൂർണമായും നടപ്പിലാക്കുന്നതിന് മുൻപ് പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ശിപാർശ നൽകി എന്ന് ശ്രീ. അനിൽകുമാർ എൻ. ജി., ശ്രീ.ഫിറോസ് എസ്., ശ്രീമതി ബിനി ആർ. എന്നിവർക്ക് എതിരായി ചുമത്തപ്പെട്ട കുറ്റം നിലനിൽക്കുന്നതാണെന്നു അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

**8 ) .** ശ്രീമതി.ലേഖാ രവീന്ദ്രൻ്റെ ശമ്പള വിതരണകുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ളിനുള്ള ശിപാർശ **01/08/2025**ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പ്രധാനാദ്ധ്യാപിക സമർപ്പിക്കുകയും, **02/08/2025**ന് ജില്ലാവിദ്യാഭ്യാസ ഓഫീസർ ഓതന്റിക്കേഷൻ നൽകുകയും ചെയ്തു. ആയതിനാൽ, ശ്രീ.ഫിറോസ് എസ്., ശ്രീമതി ബിനി ആർ. എന്നിവർക്കെതിരെ ചുമത്തപ്പെട്ട ഓതൻ്റിക്കേഷൻ നൽകുവാൻ വൈകി എന്ന കുറ്റം നിലനിൽക്കുന്നതല്ലെന്നും അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിരുന്നു.

**9).** മേൽ അന്വേഷണ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട കോടതി വിധി പൂർണമായും നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ട ഫയൽ തീർപ്പാക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ശിപാർശ നൽകി എന്ന കുറ്റപത്രത്തിലെ ചാർജ് ശ്രീ. അനിൽകുമാർ എൻ. ജി., ശ്രീ ഫിറോസ് എസ്, ശ്രീമതി ബിനി ആർ എന്നീ ജീവനക്കാർക്കെതിരെ

നിലനിൽക്കുന്നതായി അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്.

10). ശ്രീമതി ലേഖാ രവീന്ദ്രന് 16/07/2012 ന് UPST തസ്തികയിൽ നിയമനം കിട്ടിയെങ്കിലും വിവിധ കോടതി കേസുകൾ തുടങ്ങിയവ കാരണം നിയമനാംഗീകാരം ലഭിക്കുന്നതിന് 13 വർഷത്തെ (13 വർഷം 1 മാസം 6 ദിവസം) കാലതാമസം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. ഫയൽ തീർപ്പാക്കുന്നതിനുള്ള ശിപാർശ ശ്രീമതി ബിനി, ശ്രീ ഫിറോസ് എന്നിവർ 29/04/2025 നും ശ്രീ അനിൽകുമാർ എൻ ജി 30/04/2025 നും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിരുന്നതായും, മേൽ ശിപാർശ അന്നത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി മൈത്രി കെ.പി 02/05/2025 ന് അംഗീകരിച്ചതായി കാണുന്നു. ഈ സാഹചര്യത്തിൽ ഈ വിഷയത്തിൽ മേൽ ജീവനക്കാർ ക്കൊപ്പം 31/05/2025-ന് സേവനത്തിൽ നിന്നും വിരമിച്ച അന്നത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി മൈത്രി കെ. പി., മുൻ പി.എ. ടു ഡി.ഇ.ഒ ആയിരുന്ന ശ്രീ ബഞ്ചുവ കെ.ആർ., നിലവിലെ പി.എ. ടു ഡി.ഇ.ഒ. ആയ ശ്രീമതി ജൂബൈരിയ ബീഗം എന്നിവരുടെ ഭാഗത്തു നിന്നും വീഴ്ച്ച സംഭവിച്ചതായി അനുമാനിക്കുന്നതിനാൽ ടിയാളുകളുടെ വിശദീകരണം ലഭ്യമാക്കി ആയതിൽ വസ്തുനിഷ്ഠമായ അഭിപ്രായം സഹിതം ലഭ്യമാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാമർശം (4) പ്രകാരം നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ശ്രീമതി ലേഖാ രവീന്ദ്രന് സമയബന്ധിതമായി ശമ്പള കുടിശ്ശിക നൽകുന്നതിൽ വീഴ്ച വരുത്തിയ ടി സ്കൂളിലെ ഹെഡ്മിസ്ട്രസ്, ക്ലാർക്ക് എന്നിവർക്കെതിരെ KER CHAPTER XIV-A RULE 75 A പ്രകാരം അച്ചടക്ക നടപടി പൂർത്തിയാക്കി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് പരാമർശം (8) പ്രകാരം കർശന നിർദേശം നല്കിയിട്ടുണ്ട്.

11). 24/07/2019-ന് ശ്രീമതി ലേഖ രവീന്ദ്രന് നിയമനാംഗീകാരം ലഭിച്ചെങ്കിലും 05/09/2024-നാണ് അപ്പീലുകൾ തീർപ്പാക്കി ബഹു.ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചത്. ടി കോടതി ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് 17/1/2025 ന് നിർദ്ദേശം നൽകുകയും പ്രധാനാധ്യാപിക പ്രൊപ്പോസൽ 6/02/2025-ന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 6/03/2025-ന് UPST തസ്തികയിലെ അടിസ്ഥാന ശമ്പളം നിജപ്പെടുത്തി ജില്ലാവിദ്യാഭ്യാസ ഓഫിസർ ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് 20/03/2025-ന് ഫെബ്രുവരിമാസത്തെ ശമ്പളം ലഭിക്കുകയും ചെയ്തു. ടിയാൾക്ക് ശമ്പളം ലഭിച്ചു തുടങ്ങുകയും, അരിയറുകൾ ഘട്ടം ഘട്ടമായി നൽകുന്നതിനുള്ള നടപടികൾ പ്രധാനാധ്യാപിക സ്വീകരിക്കുന്നതായി ബോധ്യപ്പെട്ടതിനെത്തുടർന്നാണ് ബന്ധപ്പെട്ട ഫയൽ ക്ലോസ് ചെയ്യാൻ

അനുമതി ചോദിച്ചതെന്നും മേൽ വിഷയവുമായി ബന്ധപ്പെട്ട മറ്റ് നടപടികൾ **controlling Officer** അദ്ദേഹത്തിന്റെ **login** മുഖാന്തരമാണ് ചെയ്യുന്നതെന്നും മേൽ ജീവനക്കാരുടെ നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

**12).** പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ മുൻ പേഴ്സണൽ അസിസ്റ്റന്റ് ആയിരുന്ന ശ്രീ അനിൽകുമാർ എൻ.ജി. **31/05/2026**നു സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടി പൂർത്തീകരിക്കുന്ന വിഷയം പ്രത്യേകമായി പരിഗണിച്ചുവരുന്നു.

**13).** എന്നിരുന്നാലും നിയമനാംഗീകാരം ലഭിക്കുന്നതിന് **13** വർഷത്തെ കാലതാമസമുണ്ടായ വിഷയത്തിൽ പുലർത്തേണ്ട ജാഗ്രത ഈ വിഷയത്തിൽ ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തു നിന്നും ഉണ്ടായില്ല. ഈ സാഹചര്യത്തിൽ, **04/08/2025** ന് വേലവിലക്കിലായ മേൽ ഉദ്യോഗസ്ഥരെ **04/02/2026** ലെ ഉത്തരവ് മുഖേനയാണ് സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുന്നതെന്നു കണക്കിലെടുത്തും, ശ്രീമതി ലേഖാ രവീന്ദ്രന് ശമ്പളം ലഭിച്ചു തുടങ്ങിയതിന് ശേഷം മാത്രമാണ് ഫയൽ ക്ളോസ് ചെയ്യുന്നതിന് അനുമതി ചോദിച്ചിരുന്നത് എന്ന കുറ്റാരോപിതരുടെ വാദം പരിഗണിച്ചും, മാനുഷിക പരിഗണന നൽകിയും പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ.ഫിറോസ് എസ്., മുൻ സീനിയർ ക്ലാർക്ക് ശ്രീമതി ബിനി ആർ. എന്നിവർക്കെതിരെ **KCS CCA** ചട്ടം **15** പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി **KCS CCA Rules 11(1)(i)** പ്രകാരം **censure** നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**JUBAIR H**
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ഫിറോസ് എസ്., മുൻ ജൂനിയർ സൂപ്രണ്ട്, പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസ് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ശ്രീമതി ബിനി ആർ., മുൻ സീനിയർ ക്ലാർക്ക്, പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസ് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഡി.എ1/130/2025-പൊ.വി.വ)

ഉത്തരവിൻ പ്രകാരം

Digitally signed by
Lekshmi Ammal S
Date: 28-07-2026
15:31:03

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ യ്ക്ക്